**കേരളത്തിലൂടെ പറമ്പിക്കുളത്തേക്ക് പോകാനായി നിർദ്ദേശിക്കുന്ന റോഡ് വൻതോതിൽ പരിസ്ഥിതി നാശമുണ്ടാക്കുന്നതായി റിപ്പോർട്ട്. പാലക്കാട് ജില്ലയിലെ ചെമ്മണാംപതിയിൽ നിന്നും നെന്മാറ വനം ഡിവിഷനിലെ തേക്കടിയിലൂടെ പറമ്പിക്കുളത്തേക്ക് നിർദ്ദേശിക്കുന്ന റോഡിന്റെ നിർമ്മാണം ആവാസവ്യവസ്ഥയ്ക്ക് കനത്ത വെല്ലുവിളിയാകുമെന്ന് വനഗവേഷണ കേന്ദ്രം നടത്തിയ പരിസ്ഥിതി ആഘാത പഠനം വിലയിരുത്തുന്നു. ജൈവസമ്പത്തിന്റെ വിലകണക്കാക്കാത്ത ഈ വികസനധാർഷ്ട്യം എതിർക്കപ്പെടേണ്ടതാണെന്ന്**

**കേരളീയം വാർത്താശൃംഖല**

# കടുവാസങ്കേതം കാടിറങ്ങുമോ?

**പശ്ചിമഘട്ട** വനനിരകളുടെ വന്യത അതിന്റെ നിഗൂഢ സൗന്ദര്യം കെടാതെ സൂക്ഷിക്കുന്ന അപൂർവ്വ വനനിബിഡതയാണ് പറമ്പിക്കുളം. കേരളത്തിന്റെ ഭാഗമാണെങ്കിലും ഈ ഊഷ്മള ഭൂമികയിലെത്താൻ കേരളത്തിലൂടെ റോഡില്ല എന്ന പരാതി വർഷങ്ങളായി പലരും ഉന്നയിക്കാറുണ്ട്. അതിർത്തികടന്ന് തമിഴ്നാട്ടിലെത്തിയാൽ മാത്രമെ പറമ്പിക്കുളത്തേക്ക് റോഡ് മാർഗ്ഗം എത്തിച്ചേരാൻ കഴിയൂ എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. കേരളത്തിലെ ഹരിതാഭമായ ഒരു സ്ഥലത്തെത്താൻ തമിഴന്റെ ചെക്പോസ്റ്റ് കനിയണമെന്നത് ഒരു രാഷ്ട്രീയ പ്രശ്നമായി പരിഗണിച്ചിരിക്കുകയാണ് നമ്മുടെ രാഷ്ട്രീയക്കാർ. കേരളത്തിൽ നിന്നുതന്നെ പറമ്പിക്കുളത്തേക്ക് റോഡ് വേണം എന്ന ആലോചനകൾ തുടങ്ങുന്നത് അങ്ങനെയാണ്. കാട് മുറിച്ച് കടക്കാതെ കേരളത്തിൽ നിന്നും പറമ്പിക്കുളത്തേക്ക് റോഡുണ്ടാക്കാൻ പറ്റില്ല എന്നതാണ് നാളുകളായി ആ ആലോചനകൾക്ക് തടസ്സമായി നിൽക്കുന്നത്. കേരള അതിർത്തിയിലെ ചെമ്മണാംപതിയിൽ നിന്നും നെന്മാറ വനം ഡിവിഷനിലെ കൊല്ലങ്കോട് റെയിഞ്ചിൽ വരുന്ന തേക്കടി എന്ന സ്ഥലത്തിലൂടെ തൂണക്കടവിൽ എത്തി പറമ്പിക്കുളത്തേക്ക് പോകാൻ കഴിയുന്ന റോഡാണ് കേരളത്തിന്റെ വഴിയായി പരിഗണനയിലുള്ളത്.

ഈ റോഡിനെക്കുറിച്ചുള്ള ചർച്ച അടുത്തിടെ വീണ്ടും സജീവമായതിനെ തുടർന്ന് ഏറെ പാരിസ്ഥിതിക പ്രാധാന്യമുള്ള വനത്തിലൂടെ ഒരു റോഡ് വേണോ എന്ന് തീരുമാനിക്കാൻ വനം വകുപ്പ് മുൻകൈയെടുത്തു. അതിന്റെ ഭാഗമായി പറമ്പിക്കുളം റോഡിന്റെ പരിസ്ഥിതി ആഘാത പഠനം (Environmental Impact Assessment - EIA) നടത്താൻ വനം വകുപ്പ് കേരള വനഗവേഷണ

കേന്ദ്രത്തെ (KFRI) ചുമതലപ്പെടുത്തി. ഡോ. എസ്. ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന പരസ്ഥിതി ആഘാത പഠനം പറമ്പിക്കുളം റോഡ് സ്വീകാര്യമല്ലെന്നും പദ്ധതിയിൽ നിന്നും പിൻവാങ്ങണമെന്നും ആവശ്യപ്പെടുന്ന റിപ്പോർട്ടാണ് സർക്കാറിന് നൽകിയിരിക്കുന്നത്. റോഡ് നിർമ്മിക്കുന്നതിനായി പറമ്പിക്കുളം കടുവാ സങ്കേതത്തിന്റെ ഭാഗമായി വരുന്ന വനം നശിപ്പിക്കേണ്ടി വരുമെന്നും അതീവ പരിസ്ഥിതി പ്രാധാന്യമുള്ള ഈ വനം, വനേതര ആവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തിയാൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകുമെന്നും ഡോ. ശങ്കറിന്റെ EIA റിപ്പോർട്ട് പറയുന്നു.

തമിഴ്നാട്ടിലെ പൊള്ളാച്ചിക്കടുത്തുള്ള ആനമലയിൽ നിന്നും സേത്തുമട, ടോപ്സ്ലിപ് വഴിയാണ് ഇപ്പോൾ പറമ്പിക്കുളത്തേക്ക് റോഡുള്ളത്. കേരള-തമിഴ്നാട് അതിർത്തികളായ ചെമ്മണാംപതി, മീനാക്ഷിപുരം എന്നിവിടങ്ങളിൽ നിന്നും ആനമല-പറമ്പിക്കുളം റോഡിൽ എത്താൻ കഴിയും. മീനാക്ഷിപുരത്ത് നിന്നും ആനമലയിലേക്കും ചെമ്മണാംപതിയിൽ നിന്നും വേട്ടക്കാരൻപുതൂരിലേക്കും വന്ന് പൊള്ളാച്ചി-പറമ്പിക്കുളം റോഡിൽ കയറാൻ കഴിയും. സേതുമട പിന്നിട്ടാൽ ഈ റോഡ് ഇന്ദിരാഗാന്ധി നാഷണൽ പാർക്കിനുള്ളിലൂടെയാണ് ടോപ്സ്ലിപ്പിലെത്തുന്നത്. ടോപ്സ്ലിപ് കഴിഞ്ഞാൽ പറമ്പിക്കുളം കടുവാ സങ്കേതത്തിന്റെ ഉള്ളിലൂടെയാണ് ഈ റോഡ് തൂണക്കടവ് വഴി പറമ്പിക്കുളത്തെത്തുന്നത്. തമിഴ്നാട്ടിലൂടെയുള്ള ഈ വഴിയാണ് കേരളത്തിലുള്ള ചിലർക്ക് അത്ര സുഖകരമായി തോന്നാത്തത്. അങ്ങനെ നിർദ്ദേശിക്കപ്പെട്ട, ചെമ്മണാംപതിയിൽ നിന്നും കൊല്ലങ്കോട് റെയിഞ്ചിലെ തേക്കടിയിലൂടെ കടന്ന് പറമ്പിക്കുളത്തേക്ക് പോകാൻ കഴിയുന്ന വഴിയുടെ പരിസ്ഥിതി ആഘാത പഠനം ഈ പ്രദേശത്തിന്റെ ജൈവസമ്പന്നതയും അത് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും റോഡിന്റെ അപ്രായോഗികതയുമാണ് വ്യക്തമാക്കുന്നത്.

### പറമ്പിക്കുളം കടുവാസങ്കേതം

ഇന്ത്യയിലെ 38-ാമത്തേതും കേരളത്തിലെ രണ്ടാമത്തേതുമായ കടുവാസങ്കേതമാണ് പറമ്പിക്കുളം. ആവാസവ്യവസ്ഥയുടെ സന്തുലനത്തിൽ ഭക്ഷ്യശൃംഖലയിലെ പ്രഥമകണ്ണിയായ കടുവയ്ക്കുള്ള നിർണ്ണായക പങ്ക് തിരിച്ചറിഞ്ഞുകൊണ്ട് സംരക്ഷിക്കുന്ന കടുവാ സങ്കേതങ്ങൾ അനക്കംതട്ടാതെ സൂക്ഷിക്കേണ്ടത് മനുഷ്യസമൂഹത്തിന്റെ ബാധ്യതകൂടിയാണ്. ആ തിരിച്ചറിവിന്റെ ഭാഗമായാണ് വന്യവൈവിധ്യങ്ങളുടെ കലവറയായ പറമ്പിക്കുളം 2010 ഫെബ്രുവരിയിൽ ഇന്ത്യയിലെ മുപ്പത്തെട്ടാമത് കടുവസങ്കേതമായി അന്നത്തെ വനം-പരിസ്ഥിതി മന്ത്രി ജയറാം രമേശ് പ്രഖ്യാപിക്കുന്നത്.



ഫോട്ടോ: എൻ.എ. നസീർ

**കേരളത്തിൽ നിന്നും ഒരു റോഡ് കൂടിയെത്തിയാലുണ്ടാകുന്ന ഗതാഗത വർദ്ധനവ് പറമ്പിക്കുളത്തെ കാടിനെ നശിപ്പിക്കും. ടൂറിസം കൂടാൻ പുതിയ റോഡ് കാരണമാകും. ഇപ്പോൾ പറമ്പിക്കുളത്തേക്ക് ടൂറിസ്റ്റുകൾ കൂടുതലും വരുന്നത് തമിഴ്നാട്ടിൽ നിന്നാണ്. കേരളത്തിൽ നിന്നുള്ള ടൂറിസ്റ്റുകളുടെ എണ്ണം കൂടിയാൽ പ്ലാസ്റ്റിക്കിന്റെയും മറ്റ് അജൈവമാലിന്യങ്ങളുടെയും സാന്നിധ്യം കാട്ടിനുള്ളിൽ വരുകയും വന്യജീവികളുടെ നാശത്തിനും മണ്ണിന്റെ ശേഷി നശിക്കുന്നതിനും അത് കാരണമാവുകയും ചെയ്യും**

20 കടുവകളാണ് പറമ്പിക്കുളത്ത് ഇപ്പോഴുള്ളത്. കൂടാതെ 38 തരം സസ്തനികൾ, 61 ഇനം ഉരഗങ്ങൾ, 16 തരം ഉഭയജീവികൾ, 47 തരം മത്സ്യങ്ങൾ, 268 തരം പക്ഷികൾ, 124 ചിത്രശലഭങ്ങൾ എന്നിങ്ങനെ നീളുന്നു പറമ്പിക്കുളത്തിന്റെ വൈവിധ്യക്കലവറ. കേരളത്തിലെയും തമിഴ്നാട്ടിലെയും വന്യജീവി സങ്കേതങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്ന പറമ്പിക്കുളം അപൂർവ്വമായ വൃക്ഷസസ്യലതാദികളുടെയും വിളനിലമാണ്. 1432 ഇനം സസ്യ ഇനങ്ങളാണ് ഇവിടെ കണ്ടെത്തിയിട്ടുള്ളത്. വംശനാശം നേരിടുന്ന കേരളത്തിലെ 460 ചെടികളിൽ 109 എണ്ണം ഈ പ്രദേശത്താണുള്ളത്. ഈ സമ്പന്നതയ്ക്കുള്ളിലൂടെ, എത്താൻ ഇപ്പോൾ തന്നെ അധികം വളയാതെ വഴിയുള്ള പറമ്പിക്കുളത്തേക്ക് പുതിയ റോഡ് വന്നാൽ എന്താകും സ്ഥിതി?

### റോഡ് നിർമ്മാണം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

റോഡ് നിർമ്മാണം ആവാസവ്യവസ്ഥയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ ഡോ. ശങ്കറിന്റെ പരിസ്ഥിതി ആഘാത പഠനം അക്കമിട്ടുനിരത്തുന്നു. 40 കിലോമീറ്റർ നീളമാണ് നിർദ്ദിഷ്ട ചെമ്മണാംപതി - പറമ്പിക്കുളം റോഡി




ചെമ്മണാംപതിയിൽ നിന്നും പറമ്പിക്കുളത്തേക്ക് നിർദ്ദേശിക്കുന്ന റോഡും തമിഴ്നാട്ടിലൂടെ വരുന്ന നിലവിലെ റോഡും ഈ മാപ്പിൽ കാണാം.

നുള്ളത്. പരിസ്ഥിതി ആഘാതങ്ങൾ വിശദമായി വിലയിരുത്തുന്നതിനായി 40 കിലോമീറ്റർ റോഡിനെ മൂന്ന് ഭാഗങ്ങളായി തിരിച്ചാണ് പഠനം നടത്തിയിരിക്കുന്നത്.

1. ചെമ്മണാംപതി - തേക്കടി (8.8 കിമീ)
2. തേക്കടി-പെരുവാരിപ്പള്ളം (17.6 കിമീ)
3. പെരുവാരിപ്പള്ളം-പറമ്പിക്കുളം (13.7 കിമീ)

ചെമ്മണാംപതിയിൽ തുടങ്ങുന്ന റോഡ് നെന്മാറ ഫോറസ്റ്റ് ഡിവിഷനിലുള്ള വെള്ളക്കൽത്തിട്ട എന്ന സ്ഥലത്തിലൂടെയാണ് കടുവാ സങ്കേതത്തിന്റെ ഭാഗമായ തേക്കടിയിലെത്തുന്നത്. ചെമ്മണാംപതിയുടെ ഉയരം 254 മീറ്ററാണ്. അവിടെ നിന്നും 799 മീറ്റർ ഉയരമുള്ള മല മുറിച്ച് കടന്ന് വേണം റോഡിന് തേക്കടിയിലെത്താൻ. പാറക്കെട്ടുകളാണ് ഈ മലയിൽ അധികവും. ഈ ഉയരം മുറിച്ച് കടക്കണമെങ്കിൽ വലിയ രീതിയിൽ പാറപൊട്ടിക്കേണ്ടി വരും. ഇത് നീർച്ചാലുകളെ സാരമായി ബാധിക്കും. നിബിഡവനമായ ഇവിടം വന്യജീവികളുടെ വിഹാരകേന്ദ്രമാണ്. റോഡ് നിർമ്മാണത്തിന്റെ ഭാഗമായി കാട് വെളുപ്പിച്ചാൽ അത് വന്യജീവികളുടെ നിലനിൽപ്പിന് ഭീഷണിയാകും. മാത്രമല്ല പറമ്പിക്കുളം കടുവ സങ്കേതത്തിലെ വളരെ സുപ്രധാനമായ സ്ഥലമാണ് തേക്കടിയെന്നതും 1999-2000 വർഷത്തിലെ കണക്കെടുപ്പിൽ ഈ പ്രദേശത്ത് 22 കടുവളെ കണ്ടു എന്നതും പ്രദേശത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതായി EIA റിപ്പോർട്ട് പറയുന്നു.

തേക്കടിയിൽ നിന്നും പെരുവാരിപ്പള്ളത്തേക്കുള്ള വഴിയും (നിലവിൽ അവിടെ ഒരു കാനനപാതയുണ്ട്) കാടിന്റെ പ്രധാനഭാഗങ്ങളിലൂടെയാണ് കടന്ന് പോകുന്നത്. വാഹനങ്ങൾ കടന്നുപോകുന്ന ഒരു ടാർ റോഡിനെ ഈ പ്രദേശത്തിന് താങ്ങാൻ കഴിയില്ല. വന്യജീവികൾ അപകടത്തിൽപ്പെടാനും റോഡ് കാരണമാകും.

പെരുവരിപ്പള്ളത്ത് നിന്നും പറമ്പിക്കുളത്തേക്ക് ഇപ്പോൾ ഒരു ടാർ റോഡ് ഉണ്ട്. അവിടെയാണ് ചെമ്മണാംപതിയിൽ നിന്നും തേക്കടി വഴിയുള്ള റോഡ് എത്തുന്നത്. വനംവകുപ്പ് ഉദ്യോഗസ്ഥരും നിയന്ത്രിത ടൂറിസ്റ്റുകളും മാത്രമാണ് ഇപ്പോൾ ഈ റോഡ് ഉപയോഗിക്കുന്നത്. തമിഴ്നാടിൽ നിന്നുള്ള റോഡിന്റെ തുടർച്ചയാണിത്. കേരളത്തിൽ നിന്നും ഒരു റോഡ് കൂടിയെത്തിയാലുണ്ടാകുന്ന ഗതാഗത വർദ്ധനവ് പറമ്പിക്കുളത്തെ കാടിനെ നശിപ്പിക്കും. ടൂറിസം കൂടാൻ പുതിയ റോഡ് കാരണമാകും. ഇപ്പോൾ പറമ്പിക്കുളത്തേക്ക് ടൂറിസ്റ്റുകൾ കൂടുതലും വരുന്നത് തമിഴ്നാട്ടിൽ നിന്നാണ്. കേരളത്തിൽ നിന്നുള്ള ടൂറിസ്റ്റുകളുടെ എണ്ണം കൂടിയാൽ പ്ലാസ്റ്റിക്കിന്റെയും മറ്റ് അജൈവമാലിന്യങ്ങളുടെയും സാന്നിധ്യം കാട്ടിനുള്ളിൽ വരുകയും വന്യജീവികളുടെ നാശത്തിനും മണ്ണിന്റെ ശേഷി നശിക്കുന്നതിനും അത് കാരണമാവുകയും ചെയ്യും. വാഹന വർദ്ധനവ് സൃഷ്ടിക്കുന്ന അന്തരീക്ഷ മലിനീകരണവും കാടിന് താങ്ങാൻ കഴിയാത്തതാണ്. EIA റിപ്പോർട്ട് പറയുന്നു. മണ്ണിടിച്ചിലും പാറപൊട്ടിക്കലും കാരണമുണ്ടാകുന്ന നീർച്ചാലുകളുടെ ശോഷണം ഈ പ്രദേശത്തേക്കുള്ള നീരൊഴുക്ക് കുറയ്ക്കും. ജലസേചനത്തെ മാത്രം ആശ്രയിച്ച് നടക്കുന്ന പാലക്കാട്ടെയും തമിഴ്നാട്ടിലെയും കൃഷിയെ ഇത് സാരമായി ബാധിക്കും.

## ആദിവാസികൾ

നിർദ്ദിഷ്ട റോഡ് കടന്നുപോകുന്ന വഴിയിൽ നാല് ആദിവാസി കോളനികളാണ് ഇപ്പോഴുള്ളത്. 1. മുപ്പതേക്കർ കോളനി 2. ആളിമൂപ്പൻ കോളനി 3. ഒറവമ്പാടി കോളനി 4. കച്ചിത്തോട് കോളനി. നെന്മാറ ഫോറസ്റ്റ് ഡിവിഷനിലെ ഈ നാല് കോളനികളിലായി 750 ആളുകളാണ് താമസിക്കുന്നത്. റോഡിന്റെ ഗുണഭോക്താക്കൾ ഇവരാണ്. ചെമ്മണാംപതിയിലേക്കും സേത്തുമടയിലേക്കും കാനനപാതിയിലൂടെ നടന്ന് പോയാണ് ഇവർ ഇപ്പോൾ സാധനങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും. റോഡ് വന്നാൽ വാഹന സൗകര്യം ലഭിക്കുമെങ്കിലും കാടിന്റെ നാശം ഇവരുടെ ജീവിതത്തേയും ബാധിക്കും. ഇവർക്ക് റോഡ് മാർഗ്ഗം സഞ്ചരിക്കാനുള്ള അവസരമുണ്ടാകും എന്നത് മാത്രമാണ് EIA റിപ്പോർട്ട് പറയുന്ന ഏക അനുകൂല ഘടകം.

നിർദ്ദിഷ്ട ചെമ്മണാംപതി-പറമ്പിക്കുളം റോഡ് ശോഷിച്ചുകൊണ്ടിരിക്കുന്ന കേരളത്തിന്റെ വനസമ്പത്തിനെ ദുരന്തക്കയങ്ങളിലേക്ക് തള്ളിവിടുമെന്ന് വ്യക്തമാക്കുന്ന ഈ പരിസ്ഥിതി ആഘാത പഠനം ഗൗരവമായെടുത്ത് നാം ജീവിക്കുന്ന പരിസ്ഥിതിയോടുള്ള ബാധ്യതകൾ നിറവേറ്റാൻ കേരളം സജ്ജമാകേണ്ടിയിരിക്കുന്നു. ജൈവസമ്പത്തിന്റെ വിലകണക്കാക്കാത്ത വികസനധാർഷ്ട്യങ്ങളുടെ തുടർച്ചയായി ഈ പദ്ധതിയും നാളെ അടിച്ചേൽപ്പിക്കപ്പെട്ടേക്കാം, കരുതിയിരിക്കുക.